കമ്മിറ്റിയുടെ ശുപാർശപ്രകാരം കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ലേബർ കമ്മീഷണർ ഓഫീസിൽ ഒരു സെല്ലും, കേരള ഗവൺമെന്റിനെ ഇക്കാര്യത്തിൽ ഉപദേശിക്കുവാൻ ഒരു സമിതിയും രൂപീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

കർഷകത്തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേജസ് പുതുക്കൽ

1005 [1896] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേജസ് അനുസരിച്ച് പുരുഷന്റേയും സ്ത്രീയുടേയും കൂലി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജീവിതനിലവാര സൂചികയും മറ്റും വർദ്ധിച്ചതനുസരിച്ച് കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ 1-6-1984 മുതൽ പുരുഷത്തൊഴിലാളിക്ക് 15 രൂപയും സ്ത്രീ തൊഴിലാളിക്ക് 12 രൂപയും നൽകിവരുന്നു.

(ബി) തൽക്കാലം പരിഗണനയിലില്ല.

ഐ. ടി. ഐ. കളിലെ സീറ്റു വർദ്ധിപ്പിക്കാൻ നടപടി

1006 [1897] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, കെ. പി. എ. മജീദ്:
,, പി. കെ. കെ. ബാവ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. ഐ.കളിൽ സീറ്റ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

"ഐ. ടി. സി. കളിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കാൻ നടപടി"

1007 [1898] ശ്രീ. എം. വി. മാണി
,, പി. സി. ജോർജ്
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള ഐ. ടി. സി. കളിൽ കൂടുതൽ ട്രേഡുകളനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly